*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 46 C

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**ജൂലൈ 14, 2023**

# ഉറവക്കൊണ്ട അനുഭവങ്ങൾ, ചമത്കാരങ്ങൾ

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

വേനലവധിക്കു ശേഷം, ഉറവക്കൊണ്ടയിലെ സ്കൂൾ പുതിയ അധ്യയന വർഷത്തിലേക്ക് വീണ്ടും തുറന്നു. ഒന്നും സംഭവിക്കാത്തതുപോലെ രാജു സഹോദരനുമൊത്ത് സ്കൂളിലേക്ക് പോയി. അന്നു മാത്രമാണ് അവിടുന്ന് ശരിക്കും സ്കൂളിൽ പോയിരുന്നത്. അവൻ സ്കൂൾ പ്രാർത്ഥനാ സംഘത്തിന്റെ ലീഡർ ആയി, ആ റോൾ അവിടുന്ന് നന്നേ ചെറിയ കുട്ടിയായിരിക്കുമ്പോഴേ ഏറ്റതാണ്, അവിടുത്തെ മധുരശബ്ദത്താൽ അധ്യാപകരെ ആനന്ദിപ്പിച്ചു അവൻ. അധ്യാപകർ അവനെ അംഗീകരിച്ചു, അവന്റെ ക്ലാസ്സിൽ പഠിപ്പിക്കാനായി പരസ്പരം മത്സരിച്ചു-മഞ്ചി രാജു, തമ്മി രാജു, പിന്നെ മെഹബൂബ് ഖാൻ, ഇവർക്ക് പ്രത്യേകിച്ചും അവനോട് വലിയ ഇഷ്ടമുണ്ടായിരുന്നു.



തമ്മി രാജുവും പത്നിയും

രാജു ഉറവക്കൊണ്ടയിലെ ഹൈസ്കൂളിൽ 8-ാം സ്റ്റാൻഡേർഡിലാണ് പ്രവേശിപ്പിക്കപ്പെട്ടതെന്നും, സായി ബാബയാണ് താനെന്ന അവന്റെ അവകാശവും അവന്റെ അത്ഭുത ശക്തികളെക്കുറിച്ചുള്ള വാർത്ത അവിടെയുള്ള ആളുകൾക്കിടയിലും പരന്നിരുന്നു

എന്നതും വെങ്കമ്മ ഓർക്കുന്നു. അക്കാലത്ത്, തിയോസഫിക്കൽ സൊസൈറ്റിയുടെ ആനി ബസന്റ് സ്ഥാപിച്ച സ്കൂളുകളിൽ രബീന്ദ്രനാഥ് ടാഗോർ രചിച്ച ഒരു പ്രാർത്ഥന നിത്യവും പതിവായിരുന്നു. രാജുവിന്റെ സ്കൂളിലും ഇതേ പ്രാർത്ഥനയാണ് ആലപിക്കപ്പെട്ടിരുന്നത്. അതിന്റെ പരിഭാഷ ഇപ്രകാരമാണ്:



Mehboob Khan







Above: **H.S. Venkataramana** (Science teacher and Assistant Headmaster), **T. Lakshmipathi** (Headmaster) and **N. Peraraju** (Telugu teacher)

Left: The two classrooms in Sri Karibasavaswami District Board High School where Raju studied

ബാബയുടെ അധ്യാപകരും(ഇടത്ത് മെഹബൂബ് ഖാൻ) ബാബ പഠിച്ച 2 ക്ലാസ്സ് മുറികളും.

നിമിഷംതോറും,
അവിടുത്തെ സൃഷ്ടികാഹളം മുഴങ്ങുന്നു.
അവിടുത്തെ
മാഹാത്മ്യമുള്ള വാക്കുകൾ കേട്ടിട്ട്
ഹിന്ദുക്കൾ, ബൗദ്ധർ, ജൈനർ, പാഴ്സികൾ,
മുസ്ലിങ്ങൾ, പിന്നെ ക്രിസ്ത്യാനികളും
കിഴക്കുനിന്നും പടിഞ്ഞാറുനിന്നും
അവിടുത്തെ സിംഹാസനത്തിലേക്ക്
പ്രേമഹാരവുമൊരുക്കി വരുന്നു.
മാനവരെ ഒരുമിപ്പിക്കുന്നവനേ,
അവിടുത്തേക്ക് സ്തുതി!

ഇപ്രകാരമാണാ ഗാനം പോകുന്നത്-ആ ഗാനം മതങ്ങളുടെ ഐക്യം, ശാന്തി, സഹിഷ്ണുത ഇവയെ ഘോഷിക്കുന്നു. ഭാരതീയ ജീവിതത്തിന്റെ ഈ അടിസ്ഥാന തത്വശാസ്ത്രം പിൽക്കാലത്ത് ദേശീയഗാനത്തിന്റെ പുരോഗാമിയായി. ഒരു വ്യാഴാഴ്ച ദിവസം,



രാജു പ്രാർത്ഥനയ്ക്കിടയ്ക്ക് അവിടുത്തെ സഹപാഠികളോട് തമാശ പറയുകയും സംസാരിക്കുകയും ചെയ്യുന്നതിനിടയ്ക്ക്, തന്റെ കൈകളുയർത്തി വീശുകയും മഞ്ഞ നിറമുള്ള അരിമണികൾ സൃഷ്ടിച്ച് വിതറുകയും ചെയ്തു! അതെ, സാധാരണയായി പൂജാവേളയിൽ ഉപയോഗിക്കുന്ന, പവിത്രമെന്നു കരുതപ്പെടുന്ന അക്ഷതം, അവിടുത്തെ ചങ്ങാതിമാരുടെ ശിരസ്സിൽ ചൊരിയപ്പെട്ടു.

അബ്ദുൾ ഖാദിർ, വിദ്യാർത്ഥി നേതാവ്, ഇതെപ്പറ്റി അറിയാനിടയായിട്ട് എവിടെനിന്നാണ് ഈ അരി കിട്ടുന്നതെന്നും എങ്ങനെയാണത് കൈയിൽനിന്ന് ഉത്ഭവിക്കുന്നത് എന്നും രാജുവിനോട് ആരാഞ്ഞു. രാജു അവിടുത്തെ ഇടതു കൈപ്പടം നിവർത്തിയിട്ട് ആ കൈവെള്ളയ്ക്ക് നടുവിലായി ഉള്ള ഒരു താമര അടയാളം അവിടുത്തെ വലതു ചൂണ്ടുവിരലാൽ അബ്ദുൾ ഖാദിറിന് കാട്ടിക്കൊടുത്തു.



ശരി, വ്യാഴാഴ്ചദിവസങ്ങളിൽ, അവിടുത്തെ സഹോദരന്റെ ഭവനത്തിലും പിന്നീട് എക്സൈസ് ഇൻസ്പെക്ടർ ആഞ്ജനേയലുവിന്റെ ഭവനത്തിലും, സന്ദർശകർക്ക് രാജു 'സായി ബാബ'യായി അറിയപ്പെട്ടു. വ്യാഴാഴ്ചദിവസങ്ങളിൽ വൈകുന്നേരത്ത് അധ്യാപകരുടെ അനുമതി വാങ്ങി പൂജയ്ക്കുള്ള തയ്യാറെടുപ്പിനായി രാജു നേരത്തേ വീട്ടിൽ പോകും. പൂജ വൈകുന്നേരം 5.00 മണി കഴിഞ്ഞ് ആരംഭി

ക്കും, രാത്രി 8–9 മണി വരെ നീളും.

മിക്കപ്പോഴും അത്തരം സായാഹ്നങ്ങളിൽ ക്ലാസ്സുണ്ടാവില്ല, എന്തുകൊണ്ടെന്നാൽ അവനെ വളരെയധികം ബഹുമാനിച്ചിരുന്ന ടീച്ചർമാർ, പൂജയിൽ പങ്കുകൊള്ളുന്നതിനായി സ്കൂൾ വിട്ട് പോകും. മിക്കപ്പോഴും ആളുകൾ അവരുടെ പ്രശ്നങ്ങളും ആധികളുമൊക്കെയായി വന്ന്, അവിടുത്തെ ഉപദേശം തേടും. ആരതിക്കുശേഷം, അവിടുന്ന് വിഭൂതിയും മിഠായി കളും പഴങ്ങളും സൃഷ്ടിക്കും, ഭക്തർക്ക് അവ പ്രസാദമായി വിതരണം ചെയ്യും. അവി ടുന്ന് ചോദ്യങ്ങൾക്ക് മറുപടി നൽകും, മിക്കപ്പോഴും അവ ഉന്നയിക്കപ്പെടുന്നതിനു മുമ്പേ!

രാജുവിന്റെ മുഖത്ത് പരന്ന തേജസ്സ് കണ്ടിട്ട് അവിടുത്തെ ഹെഡ്മാസ്റ്റർ പോലും സ്തബ്ധനായി അവിടുന്നിനെ ശിരസ്സു കുനിച്ച് വണങ്ങുമായിരുന്നു. പലരും വീട്ടിൽ പ്രസാദത്തിനായാണ് തടിച്ചുകൂടിയിരുന്നത് എങ്കിലും, ഹെഡ്മാസ്റ്ററും മഞ്ചി രാജു, തമ്മി രാജു, വി.സി.കൊണ്ടപ്പ, ശേഷ അയ്യങ്കാർ തുടങ്ങിയ അധ്യാപകരും രാജുവിനെ ശ്രവി ക്കാനും അവിടുത്തെ ആദ്ധ്യാത്മിക ജ്ഞാനത്തിൽനിന്ന് പ്രയോജനം കിട്ടുന്നതിനുമായി



രുന്നു ചെന്നത്. പേരെ രാജു, എച്ച്.എസ്.വെങ്കട രമണ ഉൾപ്പടെ പല അധ്യാപകരും അവിടുന്നിനെക്കുറിച്ച് കവിത കൾ രചിച്ചു, അവർ അവരുടെ കുട്ടികൾക്ക് ബാബയുടെ പേര് നൽകി, ചിലരാകട്ടെ അവിടുന്നിനെ ഒരു ദിവ്യജീവി യായി കരുതി ഭയപ്പെട്ടു.

അക്കാലത്ത്, ഉറവക്കൊണ്ടയിലെ ജനങ്ങൾക്കും അവി ടുന്നിനോട് ഭക്തിയുണ്ടാവുകയും അവർ പൂജകളും നിഷ്ഠകളും നോക്കുകയും വലിയ കൂട്ടമായി ഭജനുകളിൽ പങ്കെടുക്കുകയും ചെയ്തു.

ശരി, ക്ലാസ്സ് കഴിഞ്ഞുള്ള നേരങ്ങളിൽ, ഒരു കുലീനമായ ജീവിതം എങ്ങനെ നയിക്കാം എന്ന് രാജു അവിടുത്തെ സഹപാഠികളെ ഉപദേശിക്കും. അവിടുന്ന് ഒരു ഗ്രൂപ്പിനെ സുബ്ര ഹ്മണ്യക്ഷേത്രത്തിൽ വിളിച്ചുകൂട്ടിയിട്ട് ഭജനകളും ഷിർദ്ദി ബാബയെക്കുറിച്ചുള്ള ഗാന ങ്ങളും പഠിപ്പിച്ചു. ഷിർദ്ദിയിലെ സായി ബാബയുടെ പേര് അങ്ങനെ ലോകത്തിന് ഒരു കണ്ണിയായിത്തീർന്നു.

രാജുവിനെ അനുഗമിക്കുന്നത് അനിഷേധ്യമായിരുന്നു. കുട്ടികൾ ചിലപ്പോൾ അവരുടെ ഹോംവർക്ക് മറന്നിട്ട് അവരുടെ വൈകുന്നേരങ്ങൾ ഭജനയ്ക്കായി ചെലവഴിക്കും, അല്ലെ ങ്കിൽ രാജുവിനൊപ്പം നടക്കും. ഇതിൽ ഈർഷ്യയുള്ള ടീച്ചർമാരുടെ പിന്തുണയോടെ

മുതിർന്നവർ മിക്കപ്പോഴും കുട്ടികളെ അനുസരണയില്ലായ്മയ്ക്ക് ശിക്ഷിക്കും, അവരെ ഒത്തിരി സന്ദർഭങ്ങളിൽ അടിക്കും.
കെ. സീതാരാമയ്യ, അവിടുത്തെ സഹപാഠി, പിൽക്കാലത്ത് പറയാറുണ്ട്, രാജുവിനെ പഠനം ഉഴപ്പുന്നതിന്റെ പേരിൽ അവന്റെ ജ്യേഷ്ഠത്തി പലപ്പോഴും ശകാരിക്കുമായിരുന്നു. “നിന്റെ കൂട്ടുകാരെപ്പോലെയുള്ള ഒരു ബ്രാഹ്മണബാലൻ പോലുമല്ല നീയ്!” അവർ അവനോട് ഒച്ചവയ്ക്കും.

“അവർക്ക് വീടുതോറും നടന്ന് ഭിക്ഷ യാചിക്കാനെങ്കിലും കഴിവുണ്ട്, എന്നാൽ നിനക്ക് അതിനുപോലും കഴിയില്ല! നീ നന്നായി പഠിച്ചില്ലെങ്കിൽ, നീ എങ്ങനെ ജീവിക്കാനാണ് പോകുന്നത്?”
വലിയ ഭജന പ്ലാൻ ചെയ്യുന്ന അവസരത്തിൽ, മുതിർന്നവരുടെ കോപം ഭയന്ന് കുട്ടികൾ ഒരു മീര മൊയ്നുദ്ദീനെ കാവൽക്കാരനായി നിയോഗിച്ചിരുന്നു. ആരെങ്കിലും മുതിർന്നവർ കണ്ണിൽപെട്ടാൽ മൊയ്നുദ്ദീൻ കുട്ടികൾക്ക് മുന്നറിയിപ്പ് നൽകും, ഭജന പൊടുന്നനെ നിലയ്ക്കും. ഈ ഡ്യൂട്ടി നിർവഹിക്കുന്നതിന് പ്രതിഫലമായി അയാൾക്ക് പ്രസാദത്തിന്റെ വിഹിതം അധികമായി അനുവദിക്കപ്പെടും, ‘പ്രസാദം ഭക്തൻ’ എന്ന ഇരട്ടപ്പേരും ഇതുമൂലം അയാൾക്ക് വീണുകിട്ടി.

വർഷങ്ങൾക്കുശേഷം മൊയ്നുദ്ദീൻ, ബാബയുടെ ദർശനത്തിനായി പുട്ടപർത്തി സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ഒരു പ്രതിമയുടെ അടുത്ത് നിന്നുകൊണ്ട് ബാബയെ തീവ്രാഭിലാഷത്തോടെ നോക്കുകയായിരുന്നു. കുറച്ചു ദൂരത്തുനിന്നേ ബാബ അദ്ദേഹത്തെ ശ്രദ്ധിച്ചു, അടുത്ത് ചെന്നിട്ട് ചോദിച്ചു, “പ്രസാദം ഭക്തനല്ലേ ഇത്? എപ്പോഴാണ് നീ വന്നത്?” മൊയ്നുദ്ദീൻ സന്തോഷത്താൽ മതിമറന്നു, ബാബ തന്നെ ആ പഴയ അടുപ്പത്തോടെ അപ്പോഴും ഓർക്കുന്നു!

ധാരാളം ആളുകൾ അവിടുത്തെ സഹായം തേടി എത്തും. ഒരവസരത്തിൽ, ഒരു മുസ്ലിം



കുതിരവണ്ടിക്കാരന് അയാളുടെ കുതിരയെ കാണാതെ പോയി. അയാൾ വലിയ നിരാശയിലായി, കാരണം അയാളുടെ ഉപജീവനം ആ കുതിരയെ ആശ്രയിച്ചായിരുന്നു, അതിനെ കിട്ടിയില്ലെങ്കിൽ അയാൾ പട്ടിണിയിലാവും. രാജുവിനെ സമീപിക്കുന്നതിന് ആരോ അയാളെ ഉപദേശിച്ചു.

അയാൾ അവിടെ ചെന്നപ്പോൾ രാജു പറഞ്ഞു, “നഗരാതിർത്തിയിലെ തോട്ടത്തിലേക്ക് ചെല്ലുക, അതേതാണ്ട് ഒന്നര കിലോ മീറ്റർ ദൂരത്താണ്. നിന്റെ കുതിര അവിടെ മേഞ്ഞു കൊണ്ട് നിൽക്കുന്നുണ്ട്!”
കുതിരവണ്ടിക്കാരൻ നിർദ്ദേശിച്ചതുപോലെ ചെയ്തു, രാജു കണ്ടെത്തും എന്ന് പറഞ്ഞതു പോലെത്തന്നെ കുതിരയെ കണ്ടു.

രസമെന്തെന്നാൽ, ഷിർദ്ദി സായി ബാബയുടെ കാലത്തും ഒരു സമാന സംഭവം ഉണ്ടായിട്ടുണ്ട്, ഒരു കുതിരവണ്ടിക്കാരന് അയാളുടെ കുതിരയെ കാണാതെ പോയി, ഇതേ രീതിയിൽ അയാളുടെ കുതിരയെ തിരികെ കിട്ടുന്നതിന് സായി ബാബ ആ പാവം മനുഷ്യനെ സഹായിക്കുകയുണ്ടായി.

ഇനി, മറ്റൊരു സംഭവം. ഒരു അധ്യാപകന്റെ പേന നഷ്ടപ്പെട്ടത് റിപ്പോർട്ട് ചെയ്യപ്പെട്ടു. രാജു ക്ഷണനേരം കൊണ്ടുതന്നെ ഭൃത്യന്മാരിൽ ഒരുവനാണ് കുറ്റവാളി എന്ന് സൂചന നൽകി. ആ അധ്യാപകൻ അത് എതിർത്തു, ആ ഭൃത്യന്റെ സത്യസന്ധതയെയും നിഷ്കളങ്കതയെയും പിന്താങ്ങി. എന്നിരുന്നാലും, അയാൾ ഇല്ലാതിരുന്ന അവസരത്തിൽ, അദ്ദേഹം ആ ഭൃത്യന്റെ സ്വകാര്യവസ്തുക്കൾ പരിശോധിക്കുകയുണ്ടായി. പേന കണ്ടെത്താനായില്ല, എന്നാൽ ആ ഭൃത്യൻ അത് അനന്തപൂരിലുള്ള മകന് അയച്ചുകൊടുത്തുവെന്ന് രാജു വെളിപ്പെടുത്തി, ഉടനെ നടത്തപ്പെട്ട ഒരു വിശദമായ അന്വേഷണം രാജുവിന്റെ വാക്കുകൾ ശരിയാണെന്ന് തെളിയിച്ചു. നോക്കൂ, ബാല്യം മുതൽക്കേ ആ ദിവ്യത്വം വെളിപ്പെട്ടിരുന്നു!



തന്റെ വികലാംഗനായ മകനെ വെറുത്തിട്ട്, അവനെ വിദൂരമായ ഒരു സ്ഥലത്ത് കൊണ്ടുപോയി ഉപേക്ഷിച്ചു ഒരുവൻ. ഇത് ഒരു ബ്രാഹ്മണനുമായി ബന്ധപ്പെട്ട സംഭവമാണ്. പിന്നീട് അയാൾക്ക് പശ്ചാത്താപം തോന്നിയിട്ട് കുട്ടിയെ തെരഞ്ഞെങ്കിലും അവനെ കണ്ടില്ല. അയാൾ രാജുവിന്റെ അടുത്തു ചെന്നു, 3 ദിവസത്തിനകം അയാൾക്ക് മകനെപ്പറ്റി വാർത്ത ലഭിക്കുമെന്നും, 8 ദിവസത്തിനകം അവൻ തിരിച്ചെത്തുമെന്നും അവിടുന്ന് അറിയിക്കുകയുണ്ടായി. പ്രവചിക്കപ്പെട്ടതുപോലെ, അയാളുടെ മകനെ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് ഒരു പ്രാദേശിക സർക്കാരുദ്യോഗസ്ഥന്റെ കത്ത് പിതാവിന് കിട്ടി, ഒരാഴ്ചയ്ക്കകം കുട്ടി വീട്ടിൽ എത്തിപ്പെടുകയും ചെയ്തു.

ഇത്തരത്തിലുള്ള പ്രവചനങ്ങളുടെ ഒരു പടയുണ്ടായി, ഒക്കെ സത്യമായി ഭവിച്ചു. അങ്ങനെ നിരവധി ആളുകൾ അവിടുത്തെ സാന്നിധ്യത്തിൽ പൂജയും ഭജനയുമൊക്കെ ചെയ്യാൻ തുടങ്ങി. ശേഷമ്മ രാജു ഇതിലൊന്നും സന്തോഷവാനായിരുന്നില്ല, തന്റെ സഹോദരൻ പഠനം തുടരണമെന്നും സ്വയം ഒരു ജോലി തരപ്പെടുത്തണം എന്നുമൊക്കെയായിരുന്നു അദ്ദേഹത്തിന്റെ ഉത്കണ്ഠ. രാജുവിനെ ഔപചാരികമായി പഠിപ്പിക്കണം എന്ന് അദ്ദേഹം ശഠിക്കുകയുണ്ടായി. തെലുങ്കു പണ്ഡിതന്, തന്റെ സഹോദരന്, തന്നെക്കുറിച്ച് ഒന്നുമറിയില്ല എന്ന് രാജു പരാമർശിക്കുന്നത് പതിവായിരുന്നു.

രാജുവിന്റെ അധ്യാപകനായിരുന്ന മഞ്ചിരാജു തമ്മിരാജു, അവിടുന്നിനാൽ അത്യധികം ആകർഷിക്കപ്പെട്ടിരുന്നു. തത്വശാസ്ത്ര സംബന്ധമായ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് രാജു മറുപടി നൽകും, ഇത് മറ്റ് അധ്യാപകരെയും അവിടുത്തെ സമീപം എത്തിച്ചു. വ്യാഴാഴ്ച ദിവസം, ചോദ്യങ്ങൾ ചോദിക്കാനായി രാജു അവരോട് ആവശ്യപ്പെടും. ചോദ്യങ്ങൾ ചോദിക്കാനായി അവർ പരസ്പരം മത്സരിക്കുന്നതിനാൽ, വലിയ ബഹളമായിരുന്നു. ഒരു പ്രഗത്ഭ പണ്ഡിതനെപ്പോലെ, രാജു അവരുടെ എല്ലാ ചോദ്യങ്ങൾക്കും മറുപടി പറഞ്ഞു.

ഉറവക്കൊണ്ട സ്കൂളിലെ അസിസ്റ്റന്റ് ഹെഡ്മാസ്റ്ററും സയൻസ് അധ്യാപകനുമായിരുന്നു എച്ച്.എസ്.വെങ്കടരമണ. അധ്യാപനത്തിലെ പ്രാവീണ്യം അദ്ദേഹത്തിന് പ്രസിഡണ്ടിന്റെ അവാർഡ് നേടിക്കൊടുത്തിരുന്നു. രാജുവിന്റെ ദിവ്യത്വാവകാശവാദത്തെ അദ്ദേഹം വിമർശിക്കുകയും വെല്ലുവിളിക്കുകയും ചെയ്തു.

രാജുവിന് കുലുക്കമുണ്ടായില്ല, അവിടുന്ന് തന്റെ അനനുകരണീയമായ മൃദുവായ ശബ്ദത്തിൽ അദ്ദേഹത്തോട് പറഞ്ഞു, ‘‘അങ്ങയ്ക്ക് ഇഷ്ടമുള്ള എന്തു പരിശോധനയും പരീക്ഷണവും നടത്തിക്കോളൂ. എന്നിട്ട്, വിശ്വസിക്കണോ അതോ വേണ്ടയോ എന്ന് തീരുമാനിച്ചോളൂ!’’



അപ്പോൾ വെങ്കടരമണ ഒരു നാളികേരം എടുത്തിട്ട് പറഞ്ഞു, ‘‘ഞാനീ നാളികേരം ഇപ്പോൾ ഉടയ്ക്കാൻ പോവുകയാണ്! ഇതെങ്ങനെയാവും പൊട്ടുക എന്ന് നിനക്ക് പറയാൻ കഴിയുമോ?’’

രാജുപറഞ്ഞു, ‘‘ഇത് 5 കഷണങ്ങളായി ഉടയും!’’

വെങ്കടരമണ നാളികേരം ഉടച്ചപ്പോൾ, അതിന് കൃത്യം 5 കഷണങ്ങളുണ്ടായിരുന്നു. അപ്പോൾക്കൂടി അദ്ദേഹത്തിന് ബാലനായ രാജുവിൽ വിശ്വാസമുണ്ടായിരുന്നില്ല. ഒരിക്കൽ, അദ്ദേഹത്തിന് അസഹ്യമായ വയറുവേദനയുണ്ടായി, ഒരു ഡോക്ടർക്കും അത് സുഖപ്പെടുത്താനായില്ല. അധ്യാപകരിൽ ചിലർ രാജുവിനെ സമീപിക്കുന്നതിനായി അദ്ദേഹത്തോട് ശുപാർശ ചെയ്തു, അക്കാലമായപ്പോഴേക്കും അവിടുന്ന് രോഗങ്ങൾ സുഖപ്പെടുത്താൻ ആരംഭിച്ചിരുന്നു.

വെങ്കടരമണയുടെ വഴങ്ങാത്ത അഹന്ത തന്റെ വിദ്യാർത്ഥിയുടെ അടുത്ത് പോകാൻ അദ്ദേഹത്തെ അനുവദിച്ചില്ല.
അദ്ദേഹത്തിന്റെ ഭാര്യ രാജുവിനെ സമീപിച്ചപ്പോൾ, അവിടുന്ന് അവരോട് അന്വേഷിച്ചു, ‘‘നിന്റെ ഭർത്താവിന്റെ വയറുവേദന എങ്ങനെയുണ്ട്?’’
അവിടുന്ന് കുറച്ച് വിഭൂതി സൃഷ്ടിച്ച് അവർക്ക് നൽകി, അത് കഴിച്ച നിമിഷം വെങ്കടരമണയുടെ വയറുവേദന അപ്രത്യക്ഷമായി. അവസാനം ബോധ്യമായിട്ട്, അദ്ദേഹം തന്റെ മനോഭാവം മാറ്റി, രാജുവിന്റെ ഏറ്റവുമടുത്ത ശിഷ്യനായി മാറി. മറ്റു പലരും അദ്ദേഹത്തെ പിന്തുടർന്ന് ഭക്തരായിത്തീർന്നു.

ഹെഡ്മാസ്റ്റർ, ടി.ലക്ഷ്മീപതി വലിയ കണിശക്കാരനായിരുന്നു, ഒരു അധ്യാപകനെന്ന നിലയ്ക്ക്, വളരെ ചിട്ടയുള്ള ആളായിരുന്നു അദ്ദേഹം. ഭക്തിയുള്ള ആളെന്ന നിലയ്ക്ക്, അദ്ദേഹം ഞായറാഴ്ച തോറും അദ്ദേഹത്തിന്റെ ഭവനത്തിൽ ഭജന നടത്തിപ്പോന്നു. രാജു അതിൽ സംബന്ധിക്കുകയും ഭജൻ നയിക്കുകയും ചെയ്യുമായിരുന്നു എന്ന് അദ്ദേഹത്തിന്റെ മകളായ ലളിത സ്മരിക്കുന്നു.



‘‘അവിടുത്തെ ഗാനമായ ‘കരുണാകര കരുണിഞ്ചരവാ.. കരുണാകര കരുണിഞ്ചരവാ’ എന്റെ കാതുകളിൽ ഇപ്പോഴും മുഴങ്ങുന്നു! പകൽ മുഴുവനും ഉപാസനയിൽ ചെലവഴിക്കപ്പെടും, സായാഹ്നങ്ങളിൽ പൂജയുണ്ടായിരുന്നു. അവിടുന്ന് എന്റെ അമ്മയ്ക്കായി ഒരു റോസാ പുഷ്പം സൃഷ്ടിച്ചിട്ടുണ്ട്. ഞാൻ രാജുവിനൊപ്പം സ്കൂളിൽ പോവുകയും വൈകുന്നേരങ്ങളിൽ അവനുമൊത്ത് കളിക്കുകയും ചെയ്തു.’’

"രാജുവിന്റെ കാരുണ്യപ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. അവിടുന്ന് വിഭൂതിപ്രസാദത്താൽ രോഗികളെ അനുഗ്രഹിക്കും, അവർ സുഖം പ്രാപിക്കും. അവിടുന്ന് പുനർജ്ജനിച്ച ഷിർദ്ദി സായി ബാബയല്ലാതെ മറ്റാരുമല്ല എന്ന സംശയം നിവാരണം ചെയ്യുന്നതിലേക്ക്, അവിടുന്ന് ഷിർദ്ദിയിലെ സായി ബാബ ധരിച്ചിരുന്ന കഫ്നി അഥവാ അങ്കിയുടെ കഷ്ണങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, അവിടുത്തെ ചിത്രങ്ങളും സൃഷ്ടിക്കുമായിരുന്നു!"

വ്യാഴാഴ്ചകളിൽ, ഭീംദേല ഹനുമന്ത റെഡ്ഡി, രാജുവിന്റെ സഹപാഠികളിലൊരാൾ, അവിടുന്നുമായി സംസാരിക്കുന്നതിന് ആഗ്രഹിച്ചു. അയാൾ ഏറെ നേരം കാത്തിരുന്നിട്ടും, രാജു അയാളെ നോക്കിയില്ല. തന്റെ കോപത്തിൽ, കൈയിൽ കിട്ടിയതൊക്കെ എടുത്ത് അയാൾ രാജുവിനെ എറിഞ്ഞു.



ഹെഡ്മാസ്റ്റർ ഈ സംഭവം അറിഞ്ഞപ്പോൾ, അവന്റെ അന്യായമായ തെറ്റിന് ശിക്ഷയായി റെഡ്ഡിയുടെ ഹോസ്റ്റൽ ഭക്ഷണവിഹിതം നിർത്തിക്കുകയുണ്ടായി. ഇത് വിദ്യാർത്ഥി നേതാവായ അബ്ദുൾ ഖാദിറിന്റെ ശ്രദ്ധയിൽ പെട്ടു.

സ്വാമി അവനോട് എപ്രകാരമാണ് ക്ഷമിച്ചതെന്ന് നമുക്ക് അടുത്ത ലക്കത്തിൽ കാണാം!

സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)